പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3580 14-03-2017-ൽ മറുപടിക്ക്

## മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | |
|---|---|---|
| (എ) | മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ സ്ഥാനം എന്ന് മുതലാണ് ഒഴിഞ്ഞുകിടക്കുന്നത്; | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനായിരുന്ന ബഹു. ജസ്റ്റിസ് ശ്രീ.ജെ.ബി.കോശിയുടെ കാലാവധി 04-09-2016-ൽ അവസാനിച്ചതിനാൽ ചെയർമാൻ സ്ഥാനം ഒഴിവ് വന്നതിനെത്തുടർന്ന് 1993-ലെ മനുഷ്യാവകാശ സംരക്ഷണ ആക്ടിലെ 25-ാം വകുപ്പ് പ്രകാരമുള്ള അധികാരം ഉപയോഗിച്ച് ബഹു.കേരളാ ഗവർണ്ണർ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ മെമ്പറായ (ജുഡീഷ്യൽ) ശ്രീ.പി. മോഹനദാസിനെ 05-09-2016 മുതൽ കമ്മീഷനിൽ പുതിയ ചെയർമാനെ നിയമിക്കുന്നത് വരെ ചെയർമാനായി പ്രവർത്തിക്കുന്നതിന് 09-09-2016-ലെ ജിഎസ്.5-3872/2016 നമ്പർ വിജ്ഞാപന പ്രകാരം അധികാരപ്പെടുത്തിയിരി ക്കുകയാണ്. |

| | | |
|---|---|---|
| (ബി) | മനുഷ്യാവകാശ കമ്മീഷൻ ചെയർമാനെ നിയമിക്കുന്നതിൽ നിലവിലെന്തെങ്കിലും തടസ്സമുണ്ടോ ; വ്യക്തമാക്കുമോ ; | 1993-ലെ മനുഷ്യാവകാശ സംരക്ഷണ ആക്റ്റിലെ 21-ാം വകുപ്പ് പ്രകാരം സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനായി നിയമിക്കപ്പെടുന്ന വ്യക്തി ഒരു ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസായിരുന്ന ഒരു ജഡ്ജ് ആയിരിക്കേണ്ടതും 24-ാം വകുപ്പ് പ്രകാരം 70 വയസ്സിൽ താഴെപ്രായമുള്ളയാളായിരിക്കേണ്ടതുമാണ്. അപ്രകാരമുള്ള നിബന്ധനകൾ പാലിച്ച് മാത്രമേ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനെ നിയമിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | കമ്മീഷൻ അദ്ധ്യക്ഷ സ്ഥാനം ഒഴിവ് വന്നാൽ മൂന്ന് മാസത്തിനുള്ളിൽ പുതിയ അദ്ധ്യക്ഷനെ നിയമിക്കണമെന്ന് സുപ്രീംകോടതി നിർ ദ്ദേശം ഉണ്ടോ ; എങ്കിൽ ഈ നിർ ദ്ദേശം അനുസരിച്ച് ചെയർമാനെ നിയമിക്കുന്നതിൽ വന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ ? | 1986-ലെ റിട്ട് പെറ്റീഷൻ (ക്രിമിനൽ) നമ്പർ 539-ലെ 24-07-2015-ലെ വിധിന്യായത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളിലെ അദ്ധ്യക്ഷന്റേയും അംഗങ്ങളുടേയും ഒഴിവുകൾ, എത്രയും പെട്ടെന്ന് തന്നെ, ഒഴിവ് വന്ന തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ നികത്തണമെന്ന് ബഹു. സുപ്രീം കോടതി നിർ ദ്ദേശമുണ്ട്.<br>1993-ലെ മനുഷ്യാവകാശ സംരക്ഷണ ആക്റ്റിലെ 21-ാം വകുപ്പ് പ്രകാരം സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനായി നിയമിക്കപ്പെടുന്ന വ്യക്തി ഒരു ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസായിരുന്ന ഒരു ജഡ്ജ് ആയിരിക്കേണ്ടതും 24-ാം വകുപ്പ് പ്രകാരം |

| | | |
|---|---|---|
| | | 70 വയസ്സിൽ താഴെ പ്രായമുള്ളയാളായിരിക്കേണ്ടതുമാണ്. അപ്രകാരമുള്ള നിബന്ധനകൾ പാലിച്ച് മാത്രമേ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനെ നിയമിക്കുവാൻ കഴിയുകയുള്ളൂ. പ്രസ്തുത നിബന്ധനകൾ പ്രകാരം അനുയോജ്യനായ ഒരു വ്യക്തിയെ കണ്ടെത്തി കമ്മീഷൻ ചെയർമാനായി നിയമിക്കുവാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**